(ബി) വിദ്യാർത്ഥികളുടെ ക്ഷേമം അടിസ്ഥാനമാക്കിയുള്ള നിർമ്മാണ വികസന പ്രക്രിയകൾ, സാംസ്ക്കാരിക പരിപാടികൾ, യുവജനോത്സവം തുടങ്ങിയ പഠനനാനുബന്ധ പ്രവർത്തന കാര്യങ്ങൾക്ക് പി. ടി. എ. യുടെ സഹകരണവും പങ്കാളിത്തവും പ്രയോജനപ്പെടുത്തുന്നു.

(സി) 25-6-2007-ലെ സ.ഉ.(കയ്യെഴുത്ത്) നമ്പർ 126/2007/പൊ.വി.വ. പ്രകാരമുള്ള പി. ടി. എ. യുടെ പ്രവർത്തനത്തിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്ക് 18-7-2007-ലെ സ.ഉ.(കയ്യെഴുത്ത്) നമ്പർ 142/2007/പൊ.വി.വ. പ്രകാരം ഭേദഗതി വരുത്തിയിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധം II ആയി ചേർക്കുന്നു.

(ഡി) 6-2-2009-ലെ ജി.ഒ. (സാധാരണ) നമ്പർ 631/2009/പൊ.വി.വ. പ്രകാരം സ്കൂളുകളിലെ പൊതുചടങ്ങുകൾക്കായി മാർഗ്ഗരേഖ നിർദ്ദേശിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധം III ആയി ചേർക്കുന്നു.*

കാലവർഷക്കെടുതിയിൽ കൃഷി നാശം സംഭവിച്ച കർഷകർക്ക് നഷ്ടപരിഹാരം നൽകാൻ നടപടി

20 (T*410) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി ; താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാലവർഷക്കെടുതിയിൽ കൃഷിനാശം സംഭവിച്ച കർഷകർക്ക് നഷ്ടപരിഹാരം നൽകുന്നതിന് സ്വീകരിച്ച നടപടികൾ എന്തെന്ന് വ്യക്തമാക്കുമോ ;

(ബി) ഇക്കൊല്ലം ഉണ്ടായ നഷ്ടം എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ ;

(സി) കർഷകർക്ക് നഷ്ടപരിഹാരം വിതരണം ചെയ്യുന്നതിനുള്ള കാല താമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) പ്രകൃതിക്ഷോഭം കൊണ്ട് ഉണ്ടാകുന്ന കൃഷിനാശങ്ങൾക്ക് ഉടനടി നഷ്ടപരിഹാരം നൽകുന്നതിന് എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തുമോ എന്ന് വ്യക്തമാക്കുമോ ?

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. പി. രാജേന്ദ്രൻ) :

(എ) കാലവർഷക്കെടുതിയിൽ കൃഷിനാശം സംഭവിച്ച കർഷകർക്ക് അടിയന്തിര ധനസഹായം നൽകുന്നതിനായി പ്രകൃതിക്ഷോഭദുരിതാശ്വാസ നിധിയിൽ നിന്നും 19,10,00000 രൂപ ജില്ലാ കളക്ടർമാർക്ക് സർക്കാർ ഉത്തരവ് (സാധാ.) 2532/2010/ഡി.എം.ഡി. തീയതി 28-5-2010 പ്രകാരം അനുവദിച്ച് നൽകിയിട്ടുണ്ട്. കൃഷി വകുപ്പിന്റെ പ്രകൃതിക്ഷോഭങ്ങൾ അഭിമുഖീകരിക്കുന്നതിനുള്ള അടിയന്തിര പദ്ധതിയിൻകീഴിൽ ആലപ്പുഴ ജില്ലയിൽ നെൽക്കൃഷി നശിച്ച 21 പാടശേഖരങ്ങളിലേയ്ക്കായി 31.6 ടൺ നെൽവിത്ത് സംസ്ഥാന വിത്തു വികസന അതോറിറ്റി സൗജന്യമായി വീണ്ടും കൃഷി ഇറക്കുന്നതിനായി നൽകി.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ വർഷത്തെ കാലവർഷക്കെടുതിമൂലം സംസ്ഥാനത്ത് 14,05,39,555 രൂപയുടെ കൃഷി നാശമാണ് കണക്കാക്കിയിട്ടുള്ളത്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) നഷ്ടപരിഹാരം വിതരണം ചെയ്യുന്നതിന് കാലതാമസം നേരിടുന്നതുമൂലം പ്രകൃതിക്ഷോഭത്തിന് ഇരയായവർക്ക് സമയത്തിന് ആശ്വാസ ധനത്തിന്റെ ഗുണഫലം ലഭിക്കാതെ വരുന്നു എന്ന വസ്തുത ശ്രദ്ധയിൽ പ്പെട്ടതിനെ തുടർന്ന് പ്രകൃതിക്ഷോഭ ദുരിതാശ്വാസമായി നൽകേണ്ട ധനസഹായ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് നാശനഷ്ടം തിട്ടപ്പെടുത്തി നൽകുന്നതിനുവേണ്ട അടിയന്തിര നടപടികൾ സ്വീകരിക്കുവാൻ എല്ലാ ജില്ലാ കളക്ടർമാർക്കും കൃഷി വകുപ്പ് ഡയറക്ടർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ആശ്വാസധനം അടിയന്തിരമായി വിതരണം ചെയ്യുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

സ്റ്റേറ്റ് സെൻട്രൽ ലൈബ്രറിയുടെ പ്രവർത്തനം

21 (*411) ശ്രീ. വി. ശിവൻകുട്ടി :
ശ്രീ. വി. ജെ. തങ്കപ്പൻ :
ശ്രീമതി ജെ. അരുന്ധതി :
ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്റ്റേറ്റ് സെൻട്രൽ ലൈബ്രറിയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) ലൈബ്രറി പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിച്ചിട്ടുണ്ടോ ; ഓൺലൈൻ ബുക്ക് റിസർവ്വേഷൻ സമ്പ്രദായം ഫലപ്രദമായി നടപ്പാക്കാൻ കഴിഞ്ഞിട്ടുണ്ടോ ;

(സി) കുട്ടികളുടെ വിഭാഗം ആകർഷകമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(ഡി) എത്ര പുസ്തകങ്ങൾ ഇതിനകം ഡിജിറ്റലൈസ് ചെയ്തിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ഇ) ബ്രിട്ടീഷ് കൗൺസിൽ സർക്കാരിന് കൈമാറിയ പുസ്തകങ്ങൾ വിതരണം ചെയ്തു തുടങ്ങിയിട്ടുണ്ടോയെന്നു വ്യക്തമാക്കുമോ ?

വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എ. ബേബി) :

(എ) സ്റ്റേറ്റ് സെൻട്രൽ ലൈബ്രറിയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി സെൽഫ് ചെക്ക് ഇൻ ചെക്കൗട്ട് സൗകര്യത്തോടു കൂടിയ റേഡിയോ ഫ്രീക്വൻസി ഐഡന്റിഫിക്കേഷൻ സംവിധാനം രണ്ട് ഘട്ടങ്ങളിലായി ലൈബ്രറിയിൽ

LIBRARY ARCHIVES Kerala Legislative Assembly